പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 120.

13/06/2013 -ൽ മറുപടിക്ക്

## ആധാരങ്ങളുടെ രജിസ്ട്രേഷൻ വിവരങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. എം.എ.വാഹിദ്<br>ശ്രീ. വി.റ്റി.ബൽറാം. | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ആധാരങ്ങളുടെ രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾ ഓൺ ലൈനിൽ ലഭ്യമാക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) ഈ പദ്ധതി പ്രകാരം, സംസ്ഥാനത്തെ 311 സബ് രജിസ്ട്രാർ ഓഫീസുകളിലെയും വിവരങ്ങൾ ക്രോഡീകരിച്ച്, തിരുവനന്തപുരത്തുള്ള ഡേറ്റാ സെന്ററിലെ കമ്പ്യൂട്ടറുകളിൽ ശേഖരിക്കുക വഴി, രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾ ഇന്റർനെറ്റ് അധിഷ്ഠിത സംവിധാനത്തിലേക്ക് മാറ്റിക്കൊണ്ട്, സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനത്തിൽ ഒരു പുതിയ ചുവടുവയ്പ്പ് കാഴ്ചവയ്ക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. നിലവിലെ പ്രവർത്തന രീതിയ്ക്ക് പകരം, 311 സബ് രജിസ്ട്രാർ ഓഫീസുകളെയും ഒരു പ്രത്യേക കമ്പ്യൂട്ടർ ശൃംഖല വഴി, തിരുവനന്തപുരത്തുള്ള ഡേറ്റാ |

സെന്ററുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തന രീതിയാണ് വിഭാവനം ചെയ്യുന്നത്. പദ്ധതിയുടെ അവിഭാജ്യഘടകമായ കണക്റ്റിവിറ്റി സൗകര്യം ബി.എസ്.എൻ.എൽ-ൽ നിന്ന് ലഭ്യമാക്കി, Kerala State Wide Area ശ്യംഖലയുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഈ സംവിധാനം പ്രാബല്യത്തിൽ വരുമ്പോൾ, സംസ്ഥാനത്തെ രജിസ്ട്രേഷൻ വിവരങ്ങൾ അപ്പോൾത്തന്നെ തിരുവനന്തപുരത്തെ കേന്ദ്ര കമ്പ്യൂട്ടറിലും (സർവർ) ലഭ്യമാകുന്നു. അതുവഴി സർക്കാരിന്, രജിസ്ട്രേഷൻ സംബന്ധിച്ച സംസ്ഥാനതല വിവരങ്ങൾ ഉടനടി ലഭ്യമാകുന്നു. മറ്റ് സേവനങ്ങൾക്ക് പുറമെ, ആധാരത്തിന്റെ ഉടമസ്ഥതയെക്കുറിച്ചുള്ള അത്യാവശ്യം വിവരങ്ങൾ പൊതുജനങ്ങൾക്ക് ഇന്റർനെറ്റിലൂടെ മനസ്സിലാക്കുവാനും, ബാങ്കുകൾക്കും മറ്റ് ധനകാര്യസ്ഥാപനങ്ങൾക്കും വസ്തുക്കളുടെ ഉടമസ്ഥാവകാശം ഉറപ്പാക്കുവാനുമുള്ള സൗകര്യം ഈ പദ്ധതി പ്രകാരം ഭാവിയിൽ ലഭ്യമാക്കുവാൻ സർക്കാർ ആലോചിക്കുന്നു.

| | | | |
|---|---|---|---|
| സി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്: | സി) | രജിസ്ട്രേഷൻ, ട്രഷറി എന്നീ വകുപ്പുകൾക്കു പുറമെ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, സി-ഡിറ്റ്, കെൽട്രോൺ എന്നീ സർക്കാർ സ്ഥാപനങ്ങളുടെ സാങ്കേതിക സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| ഡി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) | 1. പദ്ധതിയുടെ പരീക്ഷണ ഘട്ടത്തിന്, തിരുവനന്തപുരം ജില്ലയിലെ പട്ടം സബ് രജിസ്ട്രാർ ഓഫീസിൽ 01.09.2011 ൽ തുടക്കം കുറിക്കുകയും, ആയത് വിജയകരമായി പൂർത്തീകരിച്ചതിന്റെയടിസ്ഥാനത്തിൽ, സംസ്ഥാനത്തെ 11 സബ് രജിസ്ട്രാർ ഓഫീസുകളിൽ പദ്ധതി വ്യാപിപ്പിക്കുകയും ചെയ്തു.<br>2. ആദ്യ ഘട്ടത്തിൽ, ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ, ആധാരപ്പകർപ്പുകൾ, വിവാഹം, ഫാൻ എന്നീ സേവനങ്ങൾക്കുള്ള അപേക്ഷാ വിവരങ്ങൾ എന്നിവ ഓൺലൈനായി നല്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി.<br>3. സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്ട്രേഷനു വേണ്ടി ഹാജരാക്കുന്ന ആധാരങ്ങളുടെ ഘടനയ്ക്ക് ഏകീകൃത രൂപവും നിലവാരവും കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>4. സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചിട്ടുള്ള ഫയലിംഗ് ഷീറ്റുക |

ളുടെ സ്കാനിംഗ് ജോലികൾ 5 സബ് രജിസ്ട്രാർ ഓഫീസുകളിൽ ആരംഭിച്ചു.

5. മുദ്രകൾ ഇലക്ട്രോണിക് രൂപത്തിൽ നല്കുന്ന ഇ-സ്റ്റാംപിംഗ് പദ്ധതിയുടെ പ്രാരംഭ ഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

6. സബ് രജിസ്ട്രാർ ഓഫീസുകളിൽ വാല്യങ്ങളായി സൂക്ഷിച്ചിരിക്കുന്ന ആധാരപകർപ്പുകൾ, സ്കാൻ ചെയ്തു ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചു.

7. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നല്കുന്നതിനായി, 1980 മുതൽ 1990 വരെയുള്ള ആധാരവിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ